(8) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിലെ പ്രതിസന്ധി

ശ്രീ. പി. ജെ ജോയി: സർ, സംസ്ഥാന ബാംബൂ കോർപ്പറേഷൻ കടുത്ത പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇന്ന് 11 A. M.] ഈറയ്ക്ക് ഒൗർലഭ്യം നേരിടുകയാണ്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ഒട്ടേറെ പ്രതിസന്ധികളുണ്ടാക്കി ഈറ സമയത്തിന് ലഭ്യമാകാത്ത സാഹചര്യം സൃഷ്ടിക്കുകയാണ്. ഈ പ്രതിസന്ധി അവസാനിപ്പിക്കുവാൻ മുഖ്യമന്ത്രി തന്നെ മുൻകൈയെടുത്ത് കോൺഫറൻസ് വിളിച്ച് പ്രശ്നപരിഹാരത്തിന് തീരുമാനമുണ്ടാക്കിയെങ്കിലും, ഇത് ഇന്നേവരെ പൂർണ്ണമായും നടപ്പിലായിട്ടില്ല. അതുപോലെതന്നെ അവർ ഉൽപ്പാദിപ്പിക്കുന്ന ബാംബൂ പൈ്പ്, വിറ്റഴിക്കാത്തതുകൊണ്ട് ആ രംഗത്തെ തൊഴിലാളികളും സാമ്പത്തികമായും വളരെയധികം പ്രയാസപ്പെടുകയാണ്. അതുകൊണ്ട് ആ കോർപ്പറേഷന് ഗവൺമെന്റ് അനുവദിച്ചിരിക്കുന്ന ലോൺ ഗ്രാന്റാക്കി മാറ്റുകയും അതോടൊപ്പം ചെറിയതോതിൽ എന്തെങ്കിലും സാമ്പത്തിക സഹായം നൽകി ഈ കോർഷറേഷനിലെ രൂക്ഷമായ പ്രതിസന്ധി അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്): സർ, ബാംബൂ കോർപ്പറേഷൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 5-6-2005-ൽ ഞാൻ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരം കോർപ്പറേഷന്റെ നഷ്ടം കുറച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ റിയാബ്-നെ ചുമതലപ്പെടുത്തുകയും അതനുസരിച്ച് കോർപ്പറേഷന്റെ പുനഃസംഘടന, നിലവിലുള്ള ഡിപ്പോകളും ഓഫീസുകളും പുനഃസംഘടിപ്പിക്കുക, ഫാക്ടറി പ്രവർത്തനം മെച്ചപ്പെടുത്തുക, അധികമായി വരുന്ന ജീവനക്കാർക്ക് വി. ആർ. എസ്. നൽകുക എന്നിവ തീരുമാനിച്ചിരിക്കുകയാണ്. Loan equity ആക്കുന്ന പ്രശ്നം പരിശോധിക്കുന്നതാണ്.

VI. നിയമ നിർമ്മാണകാര്യം

ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2002-ലെ അബ്കാരി (അമെൻറുമെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2002-ലെ അബ്കാരി (അമെൻറുമെൻറ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഇനി പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2002-ലെ അബ്കാരി (അമെൻറുമെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly